©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2025 ആഗസ്റ്റ് 07
07th August 2025
1200 കർക്കടകം 22
22nd Karkadakam 1200
1947 ശ്രാവണം 16
16th Sravana 1947

നമ്പർ
No.
2905

ഫാറം നമ്പർ.7

ചട്ടം 18(1) കാണുക

വിജ്ഞാപനം

കെ 2 – 536361/2023 **2025 ആഗസ്റ്റ് 5**

തിരുവനന്തപുരം ജില്ലാ *കളക്ടറുടെ 3.4.2023* തീയതിയിലെ കെ 2-536361/2023 -ാം നമ്പർ നടപടിക്രമം പ്രകാരം തിരുവനന്തപുരം എൽ.എ(കിഫ്ബി) യൂണിറ്റ്-2 സ്പെഷ്യൽ തഹസിൽദാരെ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിന് വിധേയമായി കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിന വേണ്ടി നിയമിച്ചിട്ടുള്ളതിനാലും;

നിർദ്ദിഷ്ട ഏറ്റെടുക്കലിൽപുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി തിരുവനന്തപുരം എൽ.എ ഡെപ്യൂട്ടി കളക്ടറെ ഇതിനാൽ നിയമിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി, അതായത് ശിവഗിരി തൊടുവെ പാലം അപ്രോച്ച് റോഡ് വികസനവുമായി ബന്ധപ്പെട്ട് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാവ്യക്തികൾക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 11 -ാം വകുപ്പ് 1 -ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പ്രസ്തുത സ്ഥലത്തിൽ തൽപര കക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകളുടെ പുതുക്കലിലോ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചോ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ രേഖാമൂലം ഒരു പത്രികയായി മേൽപ്പറഞ്ഞ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതി അല്ലെങ്കിൽ ആയത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ തീയതി ഏതാണോ അവസാനം സംഭവിക്കുന്നത് അതു മുതൽ 15 ദിവസത്തിനകം സ്പെഷ്യൽ തഹസിൽദാർ, എൽ.എ (കിഫ്ബി), യൂണിറ്റ്–2, പ്രഭാത് ബുക്ക് ഹൗസ് രണ്ടാം നില, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം മുമ്പാകെ സമർപ്പിക്കാൻ തദ്വാരണം ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതോ ആക്ഷേപകന് ഭൂമിയിന്മേലുള്ള താല്പര്യം വ്യക്തമായി വിശദീകരിക്കാത്തതോ ആയ ഏതൊരു അപേക്ഷ പത്രികയും അപ്പാടെ നിരസിക്കപ്പെടാൻ സാദ്ധ്യതയുള്ളതാണ്.

മേൽപറഞ്ഞ പൊതു ആവശ്യത്തിലേക്ക് ഏറ്റെടുക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരുന്ന ഭൂമിയുടെ വിസ്തീർണ്ണം നിർണ്ണയിക്കുന്നതിന് വേണ്ടി ചുവടെ ചേർക്കുന്ന ഫീൽഡ് നമ്പറുകൾ സർവ്വേ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കുന്നതിലേക്കായി വസ്തുവിൽ പ്രവേശിക്കുന്നതിനും സർവ്വേ ചെയ്യുന്നതിനും വിതാനങ്ങൾ എടുക്കുന്നതിനും അതിരും രേഖയും അടയാളപ്പെടുത്തുന്നതിനും ഉള്ള പ്രവർത്തികൾ വസ്തു ഉടമസ്ഥൻ അല്ലെങ്കിൽ വസ്തു ഉടമസ്ഥൻ അധികാരപ്പെടുത്തിയ വ്യക്തിയുടെ സാന്നിധ്യത്തിൽ നടത്തുന്നതാണ് എന്ന അറിയിപ്പും നിയമത്തിലെ 12 ആം വകുപ്പ് പ്രകാരവും ചട്ടങ്ങളിൽ 19 ആം ചട്ടത്തിന്റെ (3) ആം ഉപചട്ടത്തിൽ പുറപ്പെടുവിക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഇതിനാൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നു

ഈ പദ്ധതിയുടെ ബന്ധപ്പെട്ട 4(1) വിജ്ഞാപനം 24/03/2025 ലെ അസാധാരണ ഗസറ്റ് നം.1131 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത നിർണ്ണയ റിപ്പോർട്ട് തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. (www.trivandrum.nic.in) ആയതിന്റെ ഒരു സംക്ഷിപ്തരൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്)

A–നഗരപ്രദേശത്തെ ഭൂമി

B–ഗ്രാമ പ്രദേശത്തെ ഭൂമി : ഇല്ല.

ജില്ല : തിരുവനന്തപുരം

താലൂക്ക്: വർക്കല							**വില്ലേജ്: വർക്കല**
ക്രമനം	**ബ്ലോക്ക് നമ്പർ**	**സർവ്വേ നമ്പർ**	**ഇനം/തരം**	**ഏറ്റെടുക്കേണ്ട വിസ്തീർണ്ണം (ഹെക്ടറിൽ)**	**പൊതുആവശ്യത്തിന്റെ സ്വഭാവം**	**പദ്ധതി ബാധിതരെ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാരണം**	**വസ്തു ഉടമ/തൽപ്പര കക്ഷി**
1.	57	1 pt	പുറമ്പോക്ക്	0.1701	ശിവഗിരി തൊടുവെ പാലം അപ്രോച്ച് റോഡ് വികസനവുമായി ബന്ധപ്പെട്ട് സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനാൽ		പുറമ്പോക്ക്
2.	120	46 pt	പുരയിടം	0.0236			അനിൽ കുമാർ മുതൽ പേർ
3.	124	2 pt	നിലം	0.01			കെ.സി രമാദേവി അമ്മ മുതൽ പേർ
4.	194	1 pt	പുരയിടം	0.0219			രാജൻ മുതൽ പേർ
5.	194	31 pt	പുറമ്പോക്ക്	0.2277			പുറമ്പോക്ക്
6.	195	117 pt	പുരയിടം	0.0152			പുഷ്പാംഗദൻ മുതൽ പേർ
7.	196	29 pt	പുരയിടം	0.02			കൃഷ്ണപിള്ള മുതൽ പേർ

ഏറ്റെടുക്കാൻ പോകുന്ന ഭൂമിയുടെ ആകെ വിസ്തീർണ്ണം : 0.4885 ഹെക്ടർ

<u>സാമൂഹ്യപ്രത്യാഘാത നിർണ്ണയ റിപ്പോർട്ടിന്റെ സംക്ഷിപ്തം</u>

ശിവഗിരി തൊടുവെ പാലം അപ്രോച്ച് റോഡ് വികസനവുമായി ബന്ധപ്പെട്ട പദ്ധതിക്കായി തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ വർക്കല വില്ലേജിൽ ബ്ലോക്ക് നമ്പർ 57,120,124,194,195,196 എന്നിവയിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 48.85 ആർ ഭൂമിയാണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുന്നത്. ഈ പദ്ധതി നിർവ്വഹണത്തിന്റെ ചുമതല വഹിക്കുന്നത് KRFB (Kerala Roads Fund Board) യും തിരുവനന്തപുരം എൽ.എ കിഫ്ബി യൂണിറ്റ് നമ്പർ–2 സ്പെഷ്യൽ തഹസിൽദാരുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിലെ വർക്കല വില്ലേജ് പ്രദേശത്തെ ഭൂമിയാണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്. ടി പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് നിലവിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തി പൊതുഗതാഗത മാർഗ്ഗങ്ങളിൽ തടസ്സമില്ലാതെ സഞ്ചരിക്കുന്നതിനായി ശിവഗിരി തൊടുവെ പാലം അപ്രോച്ച് റോഡ് വികസനവുമായി ബന്ധപ്പെട്ട പദ്ധതിയിലൂടെ സാധിക്കുന്നതാണ്. പ്രദേശത്തെ തിക്കും തിരക്കും കുറയ്ക്കുന്നതിനും, അപകടങ്ങൾ ഒഴിവാക്കുന്നതിനും ഈ പദ്ധതി വളരെ അനിവാര്യമാണ്.

നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്നതിനോടനുബന്ധിച്ച് ഭൂമി നഷ്ടപ്പെടുന്നവർക്ക് 2013 ലെ ഭൂമിഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് നടപടി സ്വീകരിക്കേണ്ടതും ഉപജീവനത്തിനായി പുറമ്പോക്ക് ഭൂമിയിൽ കടകൾ നടത്തിയിരുന്നവർക്കും ഭൂമി ഏറ്റെടുക്കുമ്പോൾ ബാധിക്കുന്ന വീട്, കെട്ടിടങ്ങൾ, അതിർത്തി, മതിൽ, ഗേറ്റ്, മരങ്ങൾ എന്നിവക്കെല്ലാം അർഹമായ നഷ്ടപരിഹാരം നൽകേണ്ടതും പദ്ധതി ആസൂത്രണ – നിർവ്വഹണ സമയങ്ങളിൽ സർവ്വേ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പുവരുത്തിയും സാമൂഹ്യപ്രത്യാഘാതം ലഘൂകരിച്ച് ഏറ്റെടുക്കുവാൻ സാധിക്കുന്നതുമാണ്.

(ഒപ്പ്)

ജില്ലാ കളക്ടർ

തിരുവനന്തപുരം

<u>വിശദീകരണക്കുറിപ്പ്</u>

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് .

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽശിവഗിരി തൊടുവെ പാലം അപ്രോച്ച് റോഡ് വികസനവുമായി ബന്ധപ്പെട്ട2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏകദേശം : **0.4885** ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് KRFB (Kerala Road Fund Board)യുടെ അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ ചട്ടം 18 പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം .

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.07 07:56:09 +05:30